## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 399** **14-11-2019 ൽ മറുപടിക്ക്**

### അനധികൃതമായി കൈവശം വച്ചിരിക്കുന്ന ഭൂമി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.കെ.ബഷീർ<br>ശ്രീ. അബ്ദുൽ ഹമീദ് പി.<br>ശ്രീ. പി.കെ.അബ്ദു റബ്ബ്<br>ശ്രീ. എം. സി. കമറുദ്ദീൻ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമാണവും വകുപ്പ് മന്ത്രി) |
| (എ) ആരാധനാലയങ്ങൾ അടക്കമുള്ള സ്ഥാപനങ്ങൾ അനധികൃതമായി ഭൂമി കൈവശം വച്ചിരിക്കുന്നതായി റവന്യൂ വകുപ്പ് കണ്ടെത്തിയിട്ടുണ്ടോ; | (എ) ആരാധനാലയങ്ങൾ അടക്കമുള്ള സ്ഥാപനങ്ങൾ അനധികൃതമായി കൈവശം വച്ചിരിക്കുന്ന സർക്കാർ ഭൂമി കണ്ടെത്തി താലൂക്ക് സർവ്വെയർ മുഖാന്തിരം അളന്ന് തിരിച്ച് കേരള ഭൂസംരക്ഷണ നിയമ പ്രകാരം സർക്കാരിലേയ്ക്ക് വീണ്ടെടുക്കുന്നതിന് നടപടി സ്വീകരിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അത്തരത്തിൽ ഏതാനും ഭൂമി കണ്ടെത്തിയിട്ടുണ്ട്. |
| (ബി) ഭൂമിക്ക് കുത്തകപ്പാട്ടം ലഭിച്ച സ്ഥാപനങ്ങൾ പാട്ടത്തുക അടയ്ക്കാത്ത സാഹചര്യം നിലവിലുണ്ടോ; | (ബി) കുത്തകപ്പാട്ട ചട്ടങ്ങൾ നിലവിലില്ല. കുത്തകപ്പാട്ട വ്യവസ്ഥകൾ പ്രകാരം സർക്കാർ ഭൂമി കൈവശം വച്ച് വരുന്ന സ്ഥാപനങ്ങൾക്ക് നിലവിലെ പാട്ടവ്യവസ്ഥകളാണ് ബാധകമായിട്ടുള്ളത്. കുത്തകപ്പാട്ടം പ്രകാരം സർക്കാർ ഭൂമി കൈവശം വച്ചിരിക്കുന്ന നിരവധി സ്ഥാപനങ്ങൾ പാട്ടത്തുക അടയ്ക്കാത്ത സാഹചര്യം നിലവിലുണ്ട്. അത്തരത്തിൽ പാട്ടക്കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങളുടെ പാട്ടത്തുക ഒരു ഒറ്റ തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ തീർപ്പാക്കുന്നതിലേയ്ക്ക് 2019-20 സംസ്ഥാന ബഡ്ജറ്റിൽ ബഹുമാനപ്പെട്ട ധനമന്ത്രി പ്രഖ്യാപനം നടത്തിയിട്ടുള്ളതാണ്. ആയതിനുള്ള തുടർ നടപടികൾ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. കൂടാതെ ജി.ഒ (എം.എസ്) നം. 55/17/റവന്യൂ തീയതി 18.02.2017 ലെ സർക്കാർ ഉത്തരവ് പ്രകാരം സർക്കാർ രൂപീകരിച്ചിരിക്കുന്ന സമിതി പാട്ടക്കുടിശ്ശിക തീർപ്പാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ ജോയിന്റ് കമ്മീഷണർ കൺവീനറായും ധന-നിയമ-റവന്യൂ വകുപ്പ് സെക്രട്ടറിമാർ അംഗങ്ങളായുള്ള ഈ സമിതി നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ച് വരികയാണ്. |
| (സി) ഇത്തരത്തിലുള്ള ഭൂമിയുടെ കണക്കെടുത്തിട്ടുണ്ടോ; വിശദമാക്കാമോ; | (സി) കണക്കെടുത്തിട്ടുണ്ട്. ഇത്തരത്തിലുള്ള സ്ഥാപനങ്ങൾ കൈവശം വച്ചിരിക്കുന്ന സർക്കാർ ഭൂമിയുടെ കണക്കുകൾ ജില്ലാ കളക്ടർമാരിൽ നിന്നും ലഭ്യമാക്കി പട്ടിക തയ്യാറാക്കി വരുന്നു. |

| | |
|---|---|
| (ഡി) വർഷങ്ങളായി സ്ഥാപനങ്ങൾ കൈവശം വച്ച ഭൂമി തിരിച്ചു പിടിക്കുന്നതിന് റവന്യൂ വകുപ്പ് തീരുമാനിച്ചിട്ടുണ്ടോ; ഇത്തരം ഭൂമി വർഷങ്ങളായി കൈവശം വച്ച അതത് സ്ഥാപനങ്ങൾക്ക് പതിച്ചു നൽകാൻ തീരുമാനമുണ്ടോ; വിശദമാക്കാമോ? | (ഡി) 16680/A2/2016/റവ ഫയലിൽ വർഷങ്ങളായി സ്ഥാപനങ്ങൾ കൈവശം വച്ച ഭൂമി വ്യവസ്ഥകൾക്ക് വിധേയമായി ഓരോ സ്ഥാപനത്തിന്റെയും പ്രവർത്തനത്തിന് ഏറ്റവും അത്യാവശ്യമായ ഭൂമി പാട്ടത്തിനോ അല്ലെങ്കിൽ അതിന്റെ കമ്പോള വില ഈടാക്കിയോ പതിച്ചു നൽകുന്നതിനുള്ള നിർദ്ദേശം പരിഗണിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**